# കവറക്കുണ്ട് പദ്ധതി പഠന റിപ്പോർട്ട് ചില വിയോജിപ്പുകൾ

കവറക്കുണ്ട് ചെറുകിടജലവൈദ്യുത പദ്ധതിയെക്കുറിച്ച് ജനകീയ ഊർജ്ജവിദ്യാലയം തയ്യാറാക്കിയ വസ്തുതാന്വേഷണ റിപ്പോർട്ടിന്റെ അവലോകനം കേരളീയത്തിൽ കണ്ടു. ജനകീയ ഊർജ്ജ വിദ്യാലയം നടത്തിയ പ്രവർത്തനത്തെ ശ്ലാഘിക്കുന്നതോടൊപ്പം തന്നെ അതിലെ ചില പരാമർശങ്ങളോടുള്ള വിയോജിപ്പ് ചൂണ്ടിക്കാണിക്കട്ടെ.

1.'എന്തു വില കൊടുത്തും പദ്ധതി നടപ്പിലാക്കും' എന്ന പ്രഖ്യാപനം ഐ. ആർ. ടി. സിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

2.ഡാം സൈറ്റിലേക്ക് വനം തെളിച്ച് റോഡ് വെട്ടിയിരിക്കുന്നു എന്ന പരാമർശം വസ്തുതാവിരുദ്ധമാണ്. റിസർവ് ഫോറസ്റ്റിലും വെട്ടിയേൽ എസ്റ്റേറ്റിലുമായി കിടക്കുന്ന പദ്ധതി പ്രദേശത്ത് മുമ്പുതന്നെ നിലവിലുണ്ടായിരുന്ന, എന്നാൽ ഉപയോഗിക്കാതെ കിടന്നിരുന്ന റോഡ് ശ്രമദാനത്തിലൂടെ ഉപയോഗയോഗ്യമാക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

3.പ്രാഥമിക പ്രവർത്തനങ്ങൾക്കായി ചെലവിട്ട 3,40,600 രൂപ പൂർണമായും പ്രൊജക്ടിൽ പെടുത്തേണ്ടിയിരുന്നില്ല എന്ന് ചൂണ്ടിക്കാണിച്ചത് അംഗീകരിക്കുന്നു. പക്ഷേ ഈ ചെലവ് ഐ. ആർ. ടി. സിയുടെ പ്രൊജക്ട് ഫണ്ടിൽ നിന്നാണ് എടുക്കുന്നത്, പഞ്ചായത്ത് വഹിക്കേണ്ടതില്ല എന്നും ഓർമ്മിക്കേണ്ടതുണ്ട്. റോഡ് നിർമ്മാണം, ക്വാർട്ടേഴ്സ് നിർമ്മാണം എന്നിവയ്ക്ക് പണം നീക്കിവച്ചിട്ടില്ല എന്നും വ്യക്തമാക്കട്ടെ.

4.ഐ. ഐ. ടി. ഡൽഹി വികസിപ്പിച്ചെടുത്ത ലോഡ് കൺട്രോളർ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് 'സാങ്കേതിക വിദ്യാബ്രാഹ്മണ്യം'തുടങ്ങിയ പ്രയോഗങ്ങൾ റിപ്പോർട്ടിലെ മുൻവിധികളെയാണ് സൂചിപ്പിക്കുന്നത്. പ്രസ്തുത ലോഡ് കൺട്രോളർ ഒരു ഗവേഷണ പ്രൊജക്ടായി അംഗീകരിച്ചുകൊണ്ട് ഭാരതസർക്കാരിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയാണ് പണം കൊടുക്കുന്നത്. ഇതിന്റെ ഫീൽഡ് ടെസ്റ്റിങ്ങാണ് കവറക്കുണ്ടിൽ ചെയ്യുന്നത്. അതിന്റെ തുക പഞ്ചായത്ത് നൽകേണ്ടതുമില്ല.

5.പമ്പിന്റേയും മോട്ടോറിന്റേയും വില ഇട്ടിരിക്കുന്നത് ഇവ വാങ്ങുന്നതിനും സൈറ്റിൽ എത്തിക്കുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ചിലവുകൾ എല്ലാം കൂടി പരിഗണിച്ചാണ്. ഇവയുടെ യഥാർത്ഥ ചെലവുകൾക്കനുസരിച്ച് മാത്രമേ അന്തിമ കണക്കുകൾ തയ്യാറാക്കുകയുള്ളൂ. അക്കൗണ്ട് ജനറലിന്റെ ഉൾപ്പെടെയുള്ള ആഡിറ്റുകൾ നടക്കുന്ന സ്ഥാപനമാണ് ഐ. ആർ. ടി. സി. എന്നോർമ്മിപ്പിക്കട്ടെ.

6.പ്രൊജക്ടിൽ നിന്നും വൈദ്യുതി ജനങ്ങൾക്ക് ആവശ്യമില്ല എന്ന് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത് സത്യത്തിന് നിരക്കുന്നതല്ല. ഗ്രാമസഭയിലൂടെ ആവശ്യം പ്രകടിപ്പിക്കപ്പെട്ടതിനെ തുടർന്നാണ് പദ്ധതി നടപ്പാക്കാൻ പഞ്ചായത്ത് തീരുമാനിച്ചത്. കെ. എസ്. ഇ. ബി. ലൈയിൻ വലിക്കുകയാണെങ്കിൽ ഏതാണ്ട് 8.5 ലക്ഷം രൂപ ചെലവുവരുന്ന സ്ഥാനത്ത് ഈ പദ്ധതിക്ക് 7,77,650 രൂപ മാത്രമാണ് ചെലവ്.

പദ്ധതിക്കു നേരെയുള്ള എതിർപ്പുകളുടെ യഥാർത്ഥ സ്വഭാവം പുറത്തുകൊണ്ടുവന്നതിന് ജനകീയ ഊർജ്ജ വിദ്യാലയത്തോട് ഐ. ആർ. ടി. സിക്ക് പ്രത്യേകം നന്ദിയുണ്ട്.

*രജിസ്ട്രാർ, ഐ. ആർ. ടി. സി,*
*മുണ്ടൂർ, പാലക്കാട്*